കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 01.04.99 മുതൽ 31.03.02 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 36 - വില്പന നികുതിയിനത്തിൽ സർക്കാരിന് നഷ്ടമായ 94085/- രൂപയ്ക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2988/12/തസ്വഭവ. തിരുവനന്തപുരം, തീയതി:31.10.2012

---

പരാമർശം:

1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 01.02.12-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ 7 (3) -ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.02.12-ലെ ഡി3-1345/04/സി2 നമ്പർ കത്ത്.
3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03.08.12-ലെ എൽ.എഫ് 8847/പി.റ്റി1/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 99-2000 മുതൽ 2000-2001 വരെ കാലയളവിലെ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയപ്പോൾ ആവശ്യത്തിനുള്ള വില്പന നികുതി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താത്തതിനാൽ സർക്കാരിന് 94085/- (തൊണ്ണൂറ്റി നാലായിരത്തി എൺപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ നഷ്ടമുണ്ടായതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 36 പ്രകാരം തടസ്സപ്പെടുത്തുകയും പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത മണ്ണ് സംരക്ഷണ പ്രവൃത്തികൾക്കായി വില്പന നികുതി കണക്കാക്കിയത് അന്ന് നിലവിലുണ്ടായിരുന്ന നിരക്ക് അനുസരിച്ചാണെന്നും നിരക്ക് വർദ്ധിപ്പിച്ച വിവരം ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ലായിരുന്നുവെന്നും മണ്ണ് സംരക്ഷണ വിഭാഗത്തിലെ സാങ്കേതിക വിദഗ്ദ്ധരാണ് ടി പ്രവൃത്തികളുടെ നിരക്ക് നിർണ്ണയിച്ചിരുന്നതെന്നും കണ്ടെത്തുകയും അന്നു നിലവിലുണ്ടായിരുന്ന നിരക്കിലുള്ള വില്പന നികുതി ഒടുക്കിയിട്ടുള്ളതിനാലും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മതിയായ പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ഷോർട്ട് ഫാൾ കൂടി കറവ് ചെയ്യുമ്പോൾ ഉല്പാദനം,ഊർജ്ജം, കൃഷി മുതലായ അവശ്യ പ്രോജക്ടുകൾക്കും സർക്കാർ മാൻഡേറ്ററി ആയി നിശ്ചയിച്ചിട്ടുള്ള പ്രോജക്ടുകൾക്കും പദ്ധതി വിഹിതത്തിൽ നിന്നും തുക നീക്കി വച്ച കഴിയുമ്പോൾ മറ്റ് അത്യാവശ്യ പ്രോജക്ടുകൾക്ക് കൂടി തുക കണ്ടെത്തുവാനാവാത്തതിനാൽ വില്പന നികുതിയിനത്തിൽ സർക്കാരിന് നഷ്ടമായ തുകയ്ക്ക് സാധൂകരണം തേടണമെന്നും ജില്ലാ പഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം (2) മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വില്പന നികുതി നിരക്കിനെ സംബന്ധിച്ച ധാരണാ പിശകുകൾ പിന്നീടുള്ള വർഷങ്ങളിൽ ആവർത്തിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1.2.12-ലെ 7 (3) -ാം നമ്പർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 01.04.99 മുതൽ 31.03.2002 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 36-ൽ പരാമർശിച്ചിട്ടുള്ള 99-2000 മുതൽ 2000-01 വരെയുള്ള കാലയളവിലെ

ണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയപ്പോൾ ആവശ്യത്തിനുള്ള വില്പന നികുതി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താതിരുന്നതിനാൽ സംഭവിച്ച 94085/- രൂപ (തൊണ്ണൂറ്റി നാലായിരത്തി എൺപത്തി അഞ്ച് രൂപ മാത്രം) യുടെ നഷ്ടം പഞ്ചായത്തിൽ നിന്നും ഈടാക്കുന്നത് ഒഴിവാക്കി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂസ് മീഡിയ സാത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.